**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5569** **13-08-2021 - ൽ മറുപടിയ്ക്ക്**

**പെരുവണ്ണാമൂഴി ഇക്കോ ടൂറിസം സെന്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റ്റി.പി .രാമകൃഷ്ണൻ | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | പെരുവണ്ണാമൂഴി ഇക്കോ ടൂറിസം സെന്ററിന്റെ ഇപ്പോഴുള്ള അവസ്ഥ വ്യക്തമാക്കാമോ; | (എ) | കോഴിക്കോട് ജില്ലയിലെ പെരുവണ്ണാമൂഴി റേഞ്ചിലെ പെരുവണ്ണാമൂഴി ഇക്കോട്ടൂറിസം സെന്ററിന്റെ പ്രവർത്തനം കോവിഡ് മഹാമാരി മൂലം നിർത്തിവെച്ചിരുന്നത് 05.08.2021 മുതൽ പുനരാംഭിച്ചിട്ടുണ്ട്. കാലപ്പഴക്കം മൂലം ടി കേന്ദ്രത്തിലെ ചുറ്റുമതിലും മറ്റും നശിക്കാറായിട്ടുണ്ട്. അത് നന്നാക്കിവരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയോടനുബന്ധിച്ച് എത്ര ജീവനക്കാരാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ; | (ബി) | പ്രസ്തുത പദ്ധതിയിൽ നിലവിൽ അഞ്ച് ഗൈഡുമാരും ഒരു സ്ഥിരം ജീവനക്കാരനും ഉണ്ട്. |
| (സി) | പദ്ധതിയോടനുബന്ധിച്ചുള്ള കുട്ടികളുടെ പാർക്ക് ഇപ്പോൾ നിലവിലുണ്ടോ; | (സി) | നിലവിലുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതി വിപുലീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ഡി) | പ്രസ്തുത പദ്ധതിയുടെ വിപുലീകരണത്തിനായി 2021-22 സാമ്പത്തിക വർഷത്തിലേക്ക് 4406-01-800-91 ഇക്കോ ടൂറിസം (പ്ലാൻ)ബഡ്ജറ്റ് ശീർഷകത്തിൽ 19 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ആയത് ഇക്കോ ഷോപ്പ്, കഫറ്റീരിയ മുതലായവയുടെ നവീകരണം, ബയോ ടോയ്‌ലറ്റ്, നിലവിലെ ടോയ്‌ലറ്റുകളുടെ നവീകരണം, കുട്ടികൾക്കും മുതിർന്നവർക്കുമുള്ള വിശ്രമ മുറിയുടെ നവീകരണം, നക്ഷത്രവനം, ബട്ടർഫ്ളൈ പാർക്ക്, ഡിസ്പ്ലേ ബോർഡ് തുടങ്ങിയവയ്ക്കായി വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ